# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 147 — 04.12.2018-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രളയാനന്തര പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.കെ. ബാബു | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സമയബന്ധിതമായി നടപ്പിലാക്കിയിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖ തയ്യാറാക്കൽ, നിർവഹണം എന്നിവയെ പ്രളയ ദുരന്തം എപ്രകാരം ബാധിച്ചെന്ന് അറിയിക്കാമോ; | (എ) | 2018-19 വാർഷിക പദ്ധതിരേഖ 1147 തദ്ദേശഭരണ സ്ഥാപനങ്ങൾ 2018 മാർച്ച് 31 ന് മുമ്പും ശേഷിച്ച 53 എണ്ണം 2018 ഏപ്രിൽ മാസത്തിലും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായ കനത്തമഴയും തുടർന്നുണ്ടായ പ്രളയവും പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുടെ വേഗതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിരവധി തവണ വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് സമയം നീട്ടി നൽകേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇപ്രകാരം സമയനഷ്ടം ഉണ്ടായെങ്കിലും പദ്ധതി രൂപീകരണവും അംഗീകാരവും നേരത്തെത്തന്നെ പൂർത്തിയാക്കിയതുകൊണ്ട് ഏറ്റവും പുതിയ കണക്കുകളനുസരിച്ച് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. |

| വർഷം | ജനറൽ | എസ്.സി.പി | റ്റി.എസ്.പി | ആകെ |
|---|---|---|---|---|
| 2018-19 | 48.88 | 35.47 | 32.61 | 44.37 |
| 2017-18 | 38.14 | 22.85 | 3.34 | 28.28 |
| 2016-17 | 28.24 | 5.93 | 1.03 | 11.73 |
| 2015-16 | 33.05 | 13.44 | 2.07 | 19.52 |
| 2014-15 | 31.41 | 14.60 | 2.53 | 22.85 |

| | | | |
|---|---|---|---|
| (ബി) | പ്രളയ ബാധിത പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുനഃസംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) | 23.08.2018 ലെ സ.ഉ (സാധാ) നം. 2313/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയിന്റനൻസ് പ്രവൃത്തികളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനായി പദ്ധതി ഭേദഗതിക്ക് അനുമതി നൽകുകയും അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡി.എ 1/652/2018/തസ്വഭവ തീയതി 17.09.18 നമ്പർ സർക്കുലർ പ്രകാരം പ്രളയക്കെടുതി നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (സി) | നിലവിൽ ലൈഫ് മിഷൻ പ്രകാരവും ഹരിത കേരളം മിഷന്റെ ഭാഗമായും ആസൂത്രണം ചെയ്തിരുന്ന പ്രവൃത്തികൾ പ്രളയാനന്തര പുനഃസൃഷ്ടി ആവശ്യമായ സാഹചര്യത്തിൽ വിപുലീകരിക്കേണ്ടി വന്നതുമൂലമുള്ള ഭീമമായ സാമ്പത്തിക ബാധ്യത പദ്ധതി നിർവഹണത്തെ ബാധിക്കാനിടയുണ്ടോ; | (സി) | നിലവിൽ ലൈഫ് മിഷൻ പ്രകാരം ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി അതേപോലെ തുടരുകയാണ്.<br>പ്രളയത്തിൽ തകർന്നതും കേടുപാടുകൾ ഉണ്ടായതുമായ വീടുകളുടെ പുനർനിർമ്മാണത്തിനായി തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കുന്നില്ല.<br>ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംസ്ഥാന ദുരന്തപ്രതികരണ നിധി പോലെയുള്ള മറ്റ് സ്രോതസ്സുകളിൽ നിന്നുമാണ് കണ്ടെത്തുന്നത്. |

| | | | |
|---|---|---|---|
| | | | അതിനാൽ നിലവിലെ ലൈഫ് പോലുള്ള പദ്ധതികളുടെ നിർവഹണത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. |
| (ഡി) | പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള സ്ഥലപര ആസൂത്രണത്തിനും വിഭവ വിനിയോഗത്തിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്ത ലത്തിൽ 19.09.2018 ലെ സ.ഉ(സാധാ) നം. 2462/ 2018/ തസ്വഭവ, 23.10.2018 ലെ സ.ഉ(സാധാ)നം.2710/ 2018/ തസ്വഭവ നമ്പർ ഉത്തരവുകൾ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും 'ജൈവ വൈവിദ്ധ്യ മാനേജ് മെന്റ് ,കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന മേഖലക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പ് പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള സ്ഥലപര ആസൂത്രണത്തിനും വിഭവ വിനിയോഗത്തിനും സഹായകരമായ പദ്ധതി കൾ ആവിഷ്കരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ